₹ 3.00 Annual Subscription ₹30

# കറന്റ് ബുക്സ് ബുള്ളറ്റിൻ

ഒക്ടോബർ 2019




ഡി സി കിഴക്കെമുറി
സ്മാരകപ്രഭാഷണം

## സ്വാതന്ത്ര്യവും ഭയവും

ടി. എം. കൃഷ്ണ

## ഇടങ്ങൾ അവസാനിക്കുന്നില്ല...


















## ഡിജിറ്റൽ എഡിഷനുകൾ ഇപ്പോൾത്തന്നെ ഡൗൺലോഡ് ചെയ്യൂ

digitalmagazines.dcbooks.com/pachakuthira

# പുതിയ ലക്കം വില്പനയിൽ

ഒറ്റപ്രതി ₹20/. വാർഷിക വരിസംഖ്യ (12 ലക്കം) ₹240 / രണ്ടു വർഷത്തെ വരിസംഖ്യ (24 ലക്കം) ₹480/. മൂന്നു വർഷത്തെ വരിസംഖ്യ ₹720/. അടയ്ക്കുന്നവർക്ക് 36 + 6 = 42 ലക്കങ്ങൾ / വാർഷിക വരിസംഖ്യ (വിദേശത്തേക്ക്) ₹1750/. വരിസംഖ്യ ഡി സി ബുക്സ്, കറന്റ് ബുക്സ് ശാഖകളിൽ നേരിട്ടും അടയ്ക്കാവുന്നതാണ്. ഡി ഡി (ഡി സി ബുക്സ്, കോട്ടയം) എന്ന പേരിൽ എടുക്കുക.
തപാൽ വിലാസം: സർക്കുലേഷൻ മാനേജർ, പച്ചക്കുതിര, ഡി സി കിഴക്കെമുറി ഇടം, ഗുഡ് ഷെപ്പേർഡ് സ്ട്രീറ്റ്, കോട്ടയം 686 001.
ഫോൺ 0481-2301614. Online subscription: www.onlinestore.dcbooks.com

# എഡിറ്റോറിയൽ




## ഡി സി ബുക്സിന് 13 ദേശീയ പുരസ്കാരങ്ങൾ

ഫെഡറേഷൻ ഓഫ് ഇന്ത്യൻ പബ്ലിഷേഴ്സ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡിൽ വിവിധ വിഭാഗങ്ങളിലായി ഡി സി ബുക്സ് 13 പുരസ്കാരങ്ങൾ കരസ്ഥമാക്കി. ഇക്കുറിയും ഇന്ത്യയിൽ ഏറ്റവും കൂടുതൽ അവാർഡുകൾ കരസ്ഥമാക്കുന്ന പ്രസാധകർ ഡി സി ബുക്സാണ്.

### ഇടങ്ങൾ അവസാനിക്കുന്നില്ല

ഡി സി കിഴക്കെമുറി ഫൗണ്ടേഷനും ഡി സി ബുക്സും സംയുക്തമായി സംഘടിപ്പിച്ച 'സ്പേസസ് ഫെസ്റ്റിവൽ' ഓഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 1 വരെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടന്നു. വിവിധ മേഖലകളിലുള്ള വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്താലും ജനപങ്കാളിത്തത്താലും ശ്രദ്ധേയമായ മേളയിൽ വിവിധ ശില്പശാലകളും ഉണ്ടായിരുന്നു. ഇതോടൊപ്പം നടന്ന ഡി സി ബുക്സിന്റെ 45–ാമത് വാർഷികാഘോഷത്തിൽ പ്രശസ്ത കർണ്ണാടക സംഗീതജ്ഞനും സാമൂഹിക പ്രവർത്തകനുമായ ടി.എം. കൃഷ്ണ 20–ാമത് ഡി സി കിഴക്കെമുറി സ്മാരക പ്രഭാഷണം നടത്തി. മേളയെക്കുറിച്ചുള്ള വിവരങ്ങൾ ഈ ലക്കത്തിലെ ബുള്ളറ്റിനിൽ വായിക്കാം.

### മൊഴിമാറ്റങ്ങൾ

സിദ്ധാർത്ഥ മുഖർജിക്ക് പുലിറ്റ്സർ പുരസ്കാരം നേടിക്കൊടുത്ത കൃതിയായ *ദ എംപറർ ഓഫ് ഓൾ മാലഡീസിന്റെ* മലയാളപരിഭാഷ ഡി സി ബുക്സ് പ്രസിദ്ധീകരിക്കുകയാണ്. ലോകശ്രദ്ധ പിടിച്ചുപറ്റിയ ഈ പുസ്തകം കാൻസറിന്റെ ചരിത്രം വിശദമായി വിവരിക്കുന്നു. നോബേൽ പുരസ്കാര ജേതാവായ ഷൂസെ സരമാഗുവിന്റെ അവസാനനോവലായ *കായേൻ* പഴയനിയമത്തിലെ കഥകളുടെ അപഹാസ്യാവതരണമാണ്. അതിന്റെ മലയാളപരിഭാഷയും പുറത്തിറങ്ങുകയാണ്. ലൂയിസ് ഫെർഡിനാന്റ് സെലിനിയുടെ *നിശാന്തയാത്രയാണ്* ഇപ്പോൾ പുറത്തിറങ്ങുന്ന മറ്റൊരു പരിഭാഷാകൃതി. ജിദ്ദു കൃഷ്ണമൂർത്തിയുടെ *ചോദ്യങ്ങളും ഉത്തരങ്ങളും* അമീൻ മാലൂഫിന്റെ *ബൽത്തസാറിന്റെ ഒഡിസ്സി* എന്നീ പരിഭാഷകളും പുതിയ പുസ്തകങ്ങളിൽ ഉൾപ്പെടുന്നു.

രവി ഡി സി



**Our Vision**
'A disinterested endeavour to learn and propagate the best that is known and thought in the world'


ബുള്ളറ്റിൻ

ഒക്ടോബർ 2019
ലക്കം 431

1195 കന്നി–തുലാം
1941 ആശ്വിനം–കാർത്തിക
1441 സഫർ–റ. അവ്വൽ


# ഉള്ളടക്കം


11 സകല വ്യാധികളുടെയും തമ്പുരാൻ
സിദ്ധാർത്ഥ മുഖർജി



13 'കായേനെ' കടൽ കടത്തിയതെങ്ങനെ?
അയ്മനം ജോൺ



16 ലാവാപ്രവാഹമാകുന്ന പ്രയാണം
ജോൺ ബാൻവില്ലെ

18 വരുംകാല ദുരന്തങ്ങൾ തടയാൻ ഒരു മാർഗരേഖ
മാധവ് ഗാഡ്ഗിൽ

21 ചോദ്യങ്ങളും ഉത്തരങ്ങളും
ജെ. കൃഷ്ണമൂർത്തി

22 മുമ്പേ നടന്നവർ
ഡോ. കെ. രാജശേഖരൻ നായർ

23 കോട
വിനു ഏബ്രഹാം

25 സുഖവും സന്തോഷവും
പി.ആർ. നാഥൻ

30 **New Arrivals @ DC Books**



മാനേജിങ് എഡിറ്റർ : രവി ഡി സി
ഇഷ്യൂ എഡിറ്റർ : ആർ. രാമദാസ്, ശ്രീലക്ഷ്മി ജയചന്ദ്രൻ



**എഡിറ്റോറിയൽ ബോർഡ്**
എ.വി. ശ്രീകുമാർ
അരവിന്ദൻ
അനൂപ് ജി.
പ്രകാശ് മാരാഹി
സഞ്ജീവ് എസ്.പിള്ള
ദീപ്തി ദിനേശ്
സുനൂപ് ചന്ദ്രശേഖർ
സാലിറ്റ് തോമസ്

**പ്രൊഡക്ഷൻ**
വിക്ടർ സാം മാത്യു
അനിൽ കെ.വർഗ്ഗീസ്

**ഡിസൈൻ & ലേ ഔട്ട്**
ബിനീഷ് കെ.ആർ.



www.dcbooks.com
www.facebook.com/dcbooks
www.twitter.com/dcbooksonline
onlinestore.dcbooks.com
9946109449

കേരളത്തിലുടനീളമുള്ള ഡിസിബുക്സ് കറന്റ് ബുക്സ് പുസ്തകശാലകളുടെ വിവരങ്ങളറിയാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ





## ഡി സി കിഴക്കെമുറി സ്മാരകപ്രഭാഷണം

# സ്വാതന്ത്ര്യവും ഭയവും

**ടി. എം. കൃഷ്ണ**

**വിവർത്തനം: ജോസഫ് കെ. ജോബ്**

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്നിപ്പോൾ വർഷങ്ങൾ എഴുപതു കഴിഞ്ഞുപോയി. സ്വാതന്ത്ര്യത്തിന് എന്തെങ്കിലും അർത്ഥമുണ്ടോയെന്ന് ഈ സന്ദർഭത്തിലും നാം അന്വേഷിക്കേണ്ടിവരുന്നു. അർത്ഥമുണ്ടെങ്കിൽ അതെന്താണ്? എവിടെയാണത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്? ആ സ്വാതന്ത്ര്യമുപയോഗിച്ച് എന്തൊക്കെയാണ് നാം ചെയ്യുന്നത്? ആലോചിക്കേണ്ട വിഷയങ്ങളാണ് ഇവയെല്ലാം. ഇത്തരം ചോദ്യങ്ങളൊന്നും ഇന്നു നമ്മൾ ഉന്നയിക്കുന്നില്ലെങ്കിൽ സ്വാഭാവികമായും ജനാധിപത്യം അതിന്റെ വഴിക്ക് എങ്ങോട്ടെങ്കിലും നീങ്ങിപ്പോയെന്നു വരാം. സ്വാതന്ത്ര്യം എന്ന വാക്കുതന്നെ നാം മറന്നുപോയി എന്നും വരാം.

'സ്വാതന്ത്ര്യത്തിലെ ഭയങ്ങൾ' എന്ന ഈ പ്രഭാഷണം വാസ്തവത്തിൽ കഴിഞ്ഞവർഷം നടത്തേണ്ടിയിരുന്ന ഒന്നാണ്. പേമാരിയും പ്രളയവും കൊണ്ട് അതു നീട്ടിവയ്ക്കപ്പെട്ടു. ഒരു വർഷംകൊണ്ട് ഈ വിഷയത്തിന്റെ തീവ്രത ഏറിവരികയാണ് ചെയ്തത്. 19 ലക്ഷം ജനങ്ങളോട് നിങ്ങൾ എവിടെയുമില്ലാത്തവരാണെന്ന് പറയപ്പെട്ടിരിക്കുന്ന സമയത്താണ് ഞാനിപ്പോൾ നിങ്ങളുടെ മുന്നിൽ നിൽക്കുന്നത്. ദേശീയ പൗരത്വ രജിസ്റ്ററിന്റെ അന്തിമപട്ടിക ഇന്നലെ പുറത്തുവന്നതോടെ 19 ലക്ഷം ജനങ്ങൾ ആരാണെന്ന് അവർക്കുതന്നെ അറിയാത്ത അവസ്ഥയിലായി.

ഭരണഘടനാപരമായിത്തന്നെ ഏറ്റവും ദുർഘടമായ കാലഘട്ടത്തിലൂടെയാണ് നാമിന്നു കടന്നുപോകുന്നത്. ഇന്ന് 2019-ൽ നമ്മൾ അഭിമുഖീകരിക്കുന്ന രാഷ്ട്രീയ സാഹചര്യമെന്താണെന്നു നോക്കൂ. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന് അതിന്റെ സൈനികവ്യൂഹത്തെ അയച്ച് ജനപ്രതിനിധികളായ എം.പി.മാരെയും എം.എൽ.എ മാരെയും അറസ്റ്റുചെയ്യാനും ഒരു മാസത്തോളം തടവിൽ വയ്ക്കാനും കഴിയുന്ന സാഹചര്യം നമുക്ക് കാശ്മീരിൽ കാണാം.

സ്വാതന്ത്ര്യവും ഭയവും വിരുദ്ധ ചേരികളിൽ നിൽക്കുന്ന ദ്വന്ദ്വങ്ങളാണെന്ന് വിചാരിക്കരുത്. രണ്ടും നമ്മുടെയുള്ളിൽത്തന്നെ നിലനിൽക്കുന്നവയാണെന്നു തിരിച്ചറിയേണ്ടതുണ്ട്. ഭരണഘടനയുടെ ചട്ടക്കൂടുണ്ടാക്കുമ്പോൾ ആദ്യമേ മനസ്സിലാക്കേണ്ട ഒരുകാര്യം സ്വാതന്ത്ര്യവും ഭയവും സഹവർത്തിച്ചുകൊണ്ടാണ് നിലനിൽക്കുന്നതെന്നാണ്. അംബേദ്കർ പറയാറുള്ളതുപോലെ ഭരണഘടന എന്നത് വെറുമൊരു പുസ്തകമല്ല, അത് ജനങ്ങളുടെ കാര്യമാണ്. അങ്ങനെ നാമെല്ലാവരും ധർമ്മത്തിന്റെ മനുഷ്യരായിത്തീരണം. ധർമ്മിഷ്ഠരായ മനുഷ്യർ വ്യത്യസ്തകളുടെയും സങ്കീർണ്ണതകളുടെയും സഹവർത്തിത്വം തിരിച്ചറിയുന്നു. അങ്ങനെ വന്നാൽ നാം ഏതു വിഭാഗത്തിൽപെട്ടവരാണെന്നത് പ്രത്യേകം പരിഗണിക്കാതെ നമുക്കു വ്യത്യസ്തമായ അടരുകളോട് സംവദിക്കാനാകും. ഒരുതരത്തിലുള്ള ഏകാധിപത്യത്തിനു കീഴിലും നമുക്കു ജീവിക്കാൻ കഴിയുകയില്ല. കാരണം, ജനാധിപത്യത്തിന്റെയോ മാനവികതയുടെയോ മൂല്യങ്ങൾക്കു നിരക്കുന്നതല്ല ഏകാധിപത്യം. *(പൂർണ്ണരൂപം ഈ ലക്കം പച്ചക്കുതിരയിൽ)*



**മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു**
സമീപം: പ്രദീപ് കുമാർ എം എൽ എ, ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, രവി ഡി സി, വിംഗ് കമാണ്ടർ രാകേഷ് ശർമ്മ, കൗൺസിൽ ഓഫ് ആർക്കിടക്ചർ വൈസ് പ്രസിഡന്റ് വിജയ് ഗാർഗ്

# ഇടങ്ങൾ അവസാനിക്കുന്നില്ല...

തലസ്ഥാനനഗരിയെ നാലുദിനം ആവേശത്തിലാറാടിച്ച് സകലകലകളുടെയും ഉൽസവം കനകക്കുന്നിൽ പെയ്തിറങ്ങി. കല, സംസ്കാരം, രാഷ്ട്രീയം, ആർക്കിടെക്ചർ തുടങ്ങിയ മേഖലകളിലെ ഇടങ്ങളുടെ സാധ്യതകളെ ചർച്ചാവിഷയമാക്കിയ സ്പേസസ് ഫെസ്റ്റിവലിന്റെ പ്രഥമ എഡിഷൻ വിഷയവൈവിധ്യങ്ങൾ കൊണ്ടും സമ്പന്നമായ പ്രഭാഷക നിരകൊണ്ടും കാണികളുടെ സജീവ പങ്കാളിത്തംകൊണ്ടും വേറിട്ടുനിന്നു.

ആദ്യദിനം വൈകുന്നേരം നിശാഗന്ധിയിൽനടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഭദ്രദീപം കൊളുത്തി ഒന്നാമത് സ്പേസസ് ഫെസ്റ്റിവലിന് തുടക്കംകുറിച്ചു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനായിരുന്നു. സംവാദഭൂമികകളെ ഇല്ലാതാക്കാനുള്ള ബോധപൂർവമുള്ള ശ്രമങ്ങളാണ് ഇന്ന് ഇന്ത്യയിൽ നടക്കുന്നതെന്ന് മുഖ്യമന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. സംവാദങ്ങളില്ലാത്ത സമൂഹം കെട്ടിക്കിടക്കുന്ന വെള്ളം പോലെയാണ്. അത് സമൂഹത്തെ രോഗാതുരമാക്കും. ആശയലോകവും അതുപോലെയാണ്. ഇന്ത്യ എന്ന സങ്കല്പംതന്നെ ഭീഷണിയുടെ നിഴലിലാണ്. പൊതുജനാധിപത്യ മണ്ഡലങ്ങൾ തകർക്കുന്നിടത്താണ് ഈ പ്രക്രിയയുടെ തുടക്കം. സമൂഹത്തിലാകെ അസഹിഷ്ണുത പടരുകയാണെന്നും അദ്ദേഹംകൂട്ടിച്ചേർത്തു. ഇന്ത്യയുടെ പ്രഥമ ബഹിരാകാശ സഞ്ചാരി രാകേഷ് ശർമ, കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ വൈസ് പ്രസിഡന്റ് വിജയ് ഗാർഗ്, എ. പ്രദീപ് കുമാർ എം.എൽ.എ, രവി ഡി സി എന്നിവർ ഉദ്ഘാടനസമ്മേളനത്തിൽ സംസാരിച്ചു.

ഡി സി കിഴക്കെമുറി ഫൗണ്ടേഷന്റെയും ഡി സി ബുക്സിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച മേളയിൽ നൂറിലേറെ സെഷനുകളിലായി ഇരുന്നൂറ്റിഅമ്പതിലേറെ പ്രഭാഷകർ അതിഥികളായി എത്തി. സമകാലികകേരളം ഏറ്റവുമധികം ചർച്ച ചെയ്യുന്ന മാധവ് ഗാഡ്ഗിൽ സ്ക്രീനിലൂടെ ജനങ്ങളെ അഭിസംബോധന ചെയ്തപ്പോൾ രാകേഷ് ശർമ്മ, ജയാ ജെയ്റ്റ്ലി, ശശി തരൂർ, റസൂൽ പൂക്കുട്ടി, ടി.എം. കൃഷ്ണ, അടൂർ ഗോപാലകൃഷ്ണൻ, ഇറാ ത്രിവേദി, മനു എസ്. പിള്ള, വികാസ് ദിലവരി, ഡോ. ടി.എം. തോമസ് ഐസക്ക്, ബെന്യാമിൻ, ടി.ഡി. രാമകൃഷ്ണൻ, റിയാസ് കോമു, ബി.വി ദോഷി, സാറാ ജോസഫ്, സത്യപ്രകാശ് വാരണാസി, നീലം മഞ്ജുനാഥ്, ജമിനി ശങ്കരൻ, സിസ്റ്റർ ജെസ്മി, സിസ്റ്റർ ലൂസി കളപ്പുരയ്ക്കൽ, തസ്കരൻ മണിയൻപിള്ള തുടങ്ങി നിരവധി പ്രമുഖർ സെഷനുകൾ നയിക്കുകയും സദസുമായി സംവദിക്കുകയും ചെയ്തു. കനകക്കുന്നിലെ സ്പേസസ് വേദിയിൽ റിയാസ് കോമുവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഇൻസ്റ്റലേഷനുകൾ ഏറെ കൗതുകകരമായി. സംഘാടകരും കലാസ്വാദകരും വിദ്യാർത്ഥികളും ഒരേ മനസോടെ കല-സാംസ്കാരികരംഗത്തെ ഈ പരീക്ഷണത്തെ വിജയിപ്പിക്കാൻ മുന്നിട്ടിറങ്ങിയപ്പോൾ ഒന്നാമത് സ്പേസസ് ഫെസ്റ്റ് ചരിത്രമായി.





ശശി തരൂർ


അടൂർ ഗോപാലകൃഷ്ണൻ, കെ. ആർ മനോജ്


എ.കെ അബ്ദുൾ ഹക്കിം, കൽപ്പറ്റ നാരായണൻ,
ടി. ഡി രാമകൃഷ്ണൻ, അനിതാ തമ്പി


സിസ്റ്റർ ലൂസി കളപ്പുരയ്ക്കൽ, സിസ്റ്റർ ജെസ്മി,
അഡ്വ. എം. എസ് സജി, അഷറഫ് കടയ്ക്കൽ


ബെന്യാമിൻ, എം. നന്ദകുമാർ, ടി. ടി ശ്രീകുമാർ


കെ. വി മധു, ഇന്ദ്രൻസ്, അരിസ്റ്റോ സുരേഷ്,
എം. എ ബേബി


വിജിത യാപ്പ, മീനാ ടി. പിള്ള, പലിന്ദ കണ്ണങ്കാര


കെ. അജിത, സി.എസ് ചന്ദ്രിക, സാറാ ജോസഫ്


മനു എസ്. പിള്ള, മീനാ ടി. പിള്ള,



ബീനാ പോൾ, മധുപാൽ, പ്രദീപ് പനങ്ങാട്,
ഡോ. പി. കെ. രാജശേഖരൻ



ബി. മുരളി, മാങ്ങാട് രത്നാകരൻ, വി. ജെ ജയിംസ്,
സ്വപ്ന ശ്രീനിവാസൻ


മനോജ് കുറൂർ, സി. എസ് മീനാക്ഷി,
കെ. ജയകുമാർ ഐ. എ. എസ്


ബിന്ദു അമ്മിണി, രാധിക സി. നായർ,
സി. എസ് ചന്ദ്രിക


പ്രൊഫ. ലതാ നായർ, ഇറാ ത്രിവേദി


അൻവിത സുദർശൻ, സരസ്വതി നാഗരാജൻ

## വർക്ക്ഷോപ്പുകൾ

സ്പേസസ് ഫെസ്റ്റിന്റെ ഭാഗമായി കനകക്കുന്നിൽ നടന്ന വർക്കഷോപ്പുകൾ ഏറെ ശ്രദ്ധേയമായി. ഒന്നാംദിവസമായ ആഗസ്റ്റ് 29 ന് മുളകൊണ്ടുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണത്തെക്കുറിച്ചുള്ള വർക്ക്ഷോപ്പിന് വി.കെ. രാജീവ് നേതൃത്വം നൽകി. വെറും മുളംകമ്പുകൾ നിമിഷ നേരംകൊണ്ട് കണ്ണിനും മനസ്സിനും ആനന്ദംനൽകുന്ന വിവിധ വസ്തുക്കളായി മാറുന്നത് കാണികൾ വിസ്മയത്തോടെയാണ് കണ്ടുനിന്നത്. ആ വിദ്യകൾ പഠിച്ചെടുക്കാനും അവർ മൽസരിച്ചു. അന്നേ ദിവസംതന്നെ എൻ.എസ്. ബാബു നയ്ക്കാനലിന്റെ പുലികളി വർക്ക്ഷോപ്പും നടന്നു. വർക്ക്ഷോപ്പിൽ പുലികളിയുടെ ചമയം, കളിയുടെ വിവിധ രീതികൾ, കളി രസകരമാക്കാനുള്ള തന്ത്രങ്ങൾ തുടങ്ങിയ രഹസ്യങ്ങളുടെ കെട്ടഴിച്ചു. രണ്ടാം ദിനത്തിൽ ശ്രദ്ധേയമായത് രാമചന്ദ്ര പുലവർ നയിച്ച നിഴൽപ്പാവക്കൂത്തിനെപ്പറ്റിയുള്ള വർക്ക്ഷോപ്പായിരുന്നു. സിനിമ അടക്കമുള്ള ചലച്ചിത്രകലകളുടെ മുൻഗാമിയായ ഈ കലാരൂപത്തെക്കുറിച്ച് പഠിക്കാൻ കാണികൾ ഒഴുകിയെത്തി. മൂന്നാം ദിനം കേരളക്കരയുടെ അഭിമാനമായ ആറന്മുള കണ്ണാടിയുടെ ചരിത്രവും നിർമാണവുമാണ് വർക്ക്ഷോപ്പിനു വിഷയമായത്.

















## കലാസന്ധ്യകൾ

ആയിരക്കണക്കിനുപേരെ ഉൾക്കൊള്ളുന്ന നിശാഗന്ധി ഓഡിറ്റോറിയം നിറഞ്ഞുകവിഞ്ഞ സദസായിരുന്നു സ്പേസസ് ഫെസ്റ്റിവലിന്റെ നാലു ദിവസങ്ങളിലും കലാസന്ധ്യകളെ കാത്തിരുന്നത്. എം.ടി. വാസുദേവൻ നായരുടെ കഥാപാത്രങ്ങളെ അണിനിരത്തി കളം തിയേറ്റർ ആൻഡ് റിപ്പറ്ററി കേരള അവതരിപ്പിച്ച മഹാസാഗരം നാടകം ഒന്നാംദിവസം നിശാഗന്ധിയിൽ അരങ്ങേറി. നാടകപ്രേമികളുടെ മാത്രമല്ല, സാഹിത്യത്തെ സ്നേഹിക്കുന്നവരുടെയും മനം നിറയ്ക്കുന്ന അവതരണമായിരുന്നു കളം തിയേറ്ററിന്റേത്. കലാശ്രീ രാമചന്ദ്ര പുലവരും സംഘവും അവതരിപ്പിച്ച നിഴൽപ്പാവക്കൂത്ത് രണ്ടാം ദിവസത്തെ വ്യത്യസ്ത അനുഭവമായി. പാവക്കൂത്തുകൾ കേട്ടുകേൾവി മാത്രമായ പുതുതലമുറയെ വിസ്മയിപ്പിക്കുന്നതായിരുന്നു നിശാഗന്ധിയിലെ നിഴൽപ്പാവക്കൂത്ത്. മൂന്നാം ദിവസം തകര ബാൻഡിന്റെ റോക്ക് ഷോ നിശാഗന്ധിയെ ആകെ ഇളക്കിമറിച്ചു. അവസാനദിവസമായ സെപ്തംബർ ഒന്നിന് ടി.എം. കൃഷ്ണയുടെ സംഗീതവിരുന്ന് കേൾക്കാനായി അനന്തപുരിയാകെ കനകക്കുന്നിലേക്ക് ഒഴുകിയെത്തി. യുവാക്കളെയും മുതിർന്നവരെയും ഒരുപോലെ ആഹ്ലാദിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും ആകർഷിക്കുകയും ചെയ്ത സ്പേസസിലെ കലാവിരുന്നുകൾ നാടകം, സംഗീതം, പരമ്പരാഗത കല, വെസ്റ്റേൺ, ക്ലാസ്സിക്കൽ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയുള്ളതായിരുന്നു.

# ഡി സി ബുക്സിന് 13 ദേശീയ പുരസ്കാരങ്ങൾ




മികച്ച അച്ചടിക്കും രൂപകല്പനയ്ക്കുമുള്ള 2019 ലെ ഫെഡറേഷൻ ഓഫ് ഇന്ത്യൻ പബ്ലിഷേഴ്സ് ദേശീയ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വിവിധ വിഭാഗങ്ങളിലായി ഡി സി ബുക്സിന് 13 പുരസ്കാരങ്ങൾ ലഭിച്ചു.

*ജയമഹാഭാരതം, രാജാരവിവർമ്മ–കൊളോണിയൽ ഇന്ത്യയുടെ ചിത്രകാരൻ, കൊറ്റിയും കുറുക്കനും, Vikramadtiya and Vetal , പശുവും പുലിയും, The Shadow of the Steam Engine , പ്രാചീനപൂർവ്വമധ്യകാല ഇന്ത്യാചരിത്രം, ഒരുവട്ടംകൂടി: എന്റെ പാഠപുസ്തകങ്ങൾ, ഇൻഡിക, കണ്ടൽക്കാടുകൾ, കിരാസെ, മാസികാവിഭാഗത്തിൽ ഡി സി ബുക്സ് പ്രസിദ്ധീകരിക്കുന്ന ബിസിനസ് മാസിക എമർജിങ് കേരള* എന്നിവയാണ് വ്യത്യസ്ത വിഭാഗങ്ങളിലുള്ള പുരസ്കാരങ്ങൾക്ക് അർഹമായത്.

## ഒന്നാം സ്ഥാനത്തെത്തിയവ

കുട്ടികളുടെ വിഭാഗത്തിൽ (ഇംഗ്ലിഷ്) *Vikramadithya And Vetal*, ടെക്സ്റ്റ് ബുക്സ് & റഫറൻസ് ബുക്സ് വിഭാഗത്തിൽ (പ്രാദേശികഭാഷ) ഉപിന്ദർ സിങ് രചിച്ച *പ്രാചീന പൂർവ്വ മധ്യകാല ഇന്ത്യാചരിത്രം*, ശാസ്ത്ര സാങ്കേതിക/ മെഡിക്കൽ ബുക്സ് വിഭാഗത്തിൽ (പ്രാദേശികഭാഷ) പ്രണയ് ലാലിന്റെ *ഇൻഡിക*, കവർ ജാക്കെറ്റ്സ് (പ്രാദേശികഭാഷ) വിഭാഗത്തിൽ രൂപിക ചൗള രചിച്ച *രാജാരവിവർമ്മ കൊളോണിയൽ ഇന്ത്യയുടെ ചിത്രകാരൻ*, ഡിജിറ്റൽ പ്രിന്റിങ് വിഭാഗത്തിൽ സോൾമാസ് കമുറാന്റെ *കിരാസെ*, മാസികവിഭാഗത്തിൽ ഡി സി ബുക്സ് പ്രസിദ്ധീകരിക്കുന്ന ബിസിനസ് മാസിക *എമർജിങ് കേരള* എന്നിവ.

## രണ്ടാം സ്ഥാനത്തെത്തിയവ

കുട്ടികളുടെ വിഭാഗം( ഇംഗ്ലിഷ്) വെസ്റ്റിൻ വർഗ്ഗീസിന്റെ *The Shadow Of The Steam Engine*, ആർട് ബുക്സ്/ കോഫി ടേബിൾ ബുക്സ് (പ്രാദേശികഭാഷ) വിഭാഗത്തിൽ രൂപിക ചൗള രചിച്ച *രാജാരവിവർമ്മ–കൊളോണിയൽ ഇന്ത്യയുടെ ചിത്രകാരൻ*, കുട്ടികളുടെ പുസ്തകവിഭാഗത്തിൽ (പ്രാദേശികഭാഷ) സച്ചിദാനന്ദന്റെ *പശുവും പുലിയും*, ടെക്സ്റ്റ് ബുക്സ് & റഫറൻസ് ബുക്സ് വിഭാഗത്തിൽ (പ്രാദേശികഭാഷ) വിഭാഗത്തിൽ *ഒരുവട്ടംകൂടി: എന്റെ പാഠപുസ്തകങ്ങൾ*, ശാസ്ത്ര സാങ്കേതിക/മെഡിക്കൽ ബുക്സ് വിഭാഗത്തിൽ (പ്രാദേശികഭാഷ) സുരേഷ് മണ്ണാറശാലയുടെ *കണ്ടൽക്കാടുകൾ* എന്നീ കൃതികൾ.

ജനറൽ ബുക്സ് (പ്രാദേശികഭാഷ)വിഭാഗത്തിൽ ദേവ്ദത് പട്നായിക് രചിച്ച *ജയമഹാഭാരതം*, കുട്ടികളുടെ പുസ്തകവിഭാഗത്തിൽ (പ്രാദേശികഭാഷ) അഷിത രചിച്ച *കൊറ്റിയും കുറുക്കനും* എന്നിവ പ്രത്യേക അംഗീകാരവും കരസ്ഥമാക്കി.

എഫ്.ഐ.പിയുടെ ഏറ്റവും കൂടുതൽ പുരസ്കാരങ്ങൾ സ്വന്തമാക്കുന്ന പ്രസാധകരാണ് ഡി സി ബുക്സ്. സെപ്റ്റംബർ 28–ാം തീയതി ദില്ലിയിലെ ദി ക്ലാറിഡ്ജസ് വൈസ് റീഗലിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

## ഫോക്കസ്






# സകല വ്യാധികളുടെയും തമ്പുരാൻ

**സിദ്ധാർത്ഥ മുഖർജി**

വിവർത്തനം: **മനോജ്**

*ഈ പുസ്തകം കാൻസറിന്റെ ചരിത്രത്തെക്കുറിച്ചാണ്. ഇത്, പലപ്പോഴും നമ്മുടെ തലമുറയെ അടയാളപ്പെടുത്തുന്ന ഒരു വ്യാധിയായി ചിത്രീകരിക്കപ്പെടാൻമാത്രം ശക്തമായ, ആലങ്കാരികവും ചികിത്സാപരവും വൈദ്യശാസ്ത്രപരവും രാഷ്ട്രീയവുമായ വീര്യം ഉൾക്കൊള്ളുന്ന, വേഷപ്രച്ഛന്നനായി ചരിക്കുന്ന, മാരകമായി രൂപാന്തരംപ്രാപിച്ച പുരാതനമായ ഒരു രോഗത്തിന്റെ ഒരിക്കൽ നിഗൂഢമായി 'അടക്കിപ്പിടിച്ചുമാത്രം ഉച്ചരിച്ചിരുന്ന' അസുഖത്തിന്റെ പുരാവൃത്തമാണ്. ഈ പുസ്തകം ഒരു 'ജീവചരിത്രമാണ്.' ആ വാക്കിന്റെ ഏറ്റവും ശരിയായ അർത്ഥത്തിൽ തന്നെ. ചിരംജീവിയായ ഈ അസുഖത്തിന്റെ മനസ്സുവായിച്ച്, അതിന്റെ വ്യക്തിത്വം മനസ്സിലാക്കി, അതിന്റെ നിഗൂഢത മാറ്റാനുള്ള ശ്രമം. എന്നാൽ എന്റെ ആത്യന്തികലക്ഷ്യം ജീവചരിത്രം എന്നതിനപ്പുറം ഒരു ചോദ്യം ഉന്നയിക്കാനാണ്: ഭാവിയിൽ കാൻസറിന്റെ അന്ത്യം സംഭാവ്യമാണോ? നമ്മുടെ ശരീരത്തിൽനിന്നും സമൂഹത്തിൽനിന്നും ഈ രോഗത്തെ എന്നേക്കുമായി തുടച്ചുനീക്കാൻ സാധ്യമാണോ?*

2004 മെയ് പത്തൊൻപതിനു രാവിലെ, മസാച്ചുസെറ്റ്സിലെ ഇപ്സ്വിച്ചിലെ ഒരു കിന്റർഗാർട്ടൻ അധ്യാപികയും മൂന്നു

e-Book ₹725

കുട്ടികളുടെ അമ്മയുമായ കാർല റീഡ് ഒരു തലവേദനയോടെയാണ് ഉറക്കമുണർന്നത്. “അതൊരു സാധാരണ തലവേദനയായിരുന്നില്ല,” അവർ പിന്നീട് അനുസ്മരിച്ചു: “എന്റെ തലയ്ക്ക് ഒരുതരം മരവിപ്പായിരുന്നു. കാര്യമായ എന്തോ തകരാറുണ്ട് എന്നു നിങ്ങളെ പെട്ടെന്നുതന്നെ ബോധ്യപ്പെടുത്തുന്ന തരം മരവിപ്പ്.” ഒരു മാസത്തോളമായി കാര്യമായ എന്തോ തകരാറുണ്ടായിരുന്നു. ഏപ്രിൽ മാസം അവസാനത്തിൽ കാർല അവരുടെ മുതുകിൽ ചില പരിക്കുകൾ കണ്ടിരുന്നു. ഒരു ദിവസം രാവിലെ വിചിത്രമായ ആ ക്ഷതചിഹ്നങ്ങൾ പ്രത്യക്ഷപ്പെട്ട്, പിന്നെ വളർന്ന്, അടുത്ത ഒരു മാസത്തിനുള്ളിൽ ഭൂപടംപോലുള്ള ചില അടയാളങ്ങൾ ശേഷിപ്പിച്ച് പതുക്കെ അപ്രത്യക്ഷമായി. അവരുടെ മോണകൾ സാവധാനം വെളുപ്പുനിറം പ്രാപിക്കാനും തുടങ്ങി. മെയ് മാസം ആരംഭത്തിൽ അഞ്ചും ആറും വയസ്സുള്ള കുട്ടികളെ മണിക്കൂറുകളോളം വളരെ ചുറുചുറുക്കോടെ മേയ്ച്ചു നടന്നിരുന്ന കാർലയ്ക്ക് കോണിപ്പടികൾ കയറുന്നതുപോലും ബുദ്ധിമുട്ടായി.

ചില പ്രഭാതങ്ങളിൽ ക്ഷീണംകൊണ്ട് എഴുന്നേറ്റു നിൽക്കാൻപോലുമാകാതെ വീട്ടിലെ ഒരു മുറിയിൽനിന്ന് മറ്റൊന്നിലേക്കു നാലുകാലിൽ ഇഴഞ്ഞുപോലും നീങ്ങേണ്ട അവസ്ഥ വന്നു. അവർക്കു ദിവസവും പന്ത്രണ്ടോ പതിന്നാലോ മണിക്കൂർ സുഖമായി ഉറങ്ങിയശേഷവും അത്യധികം ക്ഷീണത്തോടെ ഉണർന്നു വീണ്ടും ഉറങ്ങാനായി കിടക്കയിലേക്ക് ഇഴഞ്ഞുനീങ്ങേണ്ടിവന്നു. കാർലയും ഭർത്താവും ആ നാലാഴ്ചയ്ക്കിടയിൽ ഒരു ജനറൽ ഫിസിഷ്യനെയും നേഴ്സിനെയും രണ്ടു തവണ കണ്ടെങ്കിലും, പരിശോധനകളോ വ്യക്തമായ രോഗനിർണ്ണയമോ ഇല്ലാതെ മടങ്ങേണ്ടിവന്നിരുന്നു. അവ്യക്തമായ വേദനകൾ അവരുടെ അസ്ഥികളിൽ വന്നും പോയും ഇരുന്നു. എന്തെങ്കിലും ഒരു കാരണം പറയാൻ ഡോക്ടർ വിഷമിച്ചു. ഒരു പക്ഷേ, അത് മൈഗ്രേൻ ആയിരിക്കാം എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് അവർ കാർലയ്ക്ക് ആസ്പിരിൻ നിർദ്ദേശിച്ചു. എന്നാൽ ആസ്പിരിൻ കാർലയുടെ വെളുത്ത മോണകളിൽ നിന്നുള്ള രക്തസ്രാവം വർദ്ധിപ്പിച്ചതേയുള്ളൂ. വളരെ ഉല്ലാസവതിയും പ്രസന്നയുമായ കാർല അവരുടെ കൂടിയും കുറഞ്ഞുമുള്ള അസുഖലക്ഷണങ്ങളിൽ ആധിയെക്കാൾ അമ്പരപ്പാണ് പ്രകടിപ്പിച്ചത്. അവർക്ക് ജീവിതത്തിൽ ഇന്നുവരെ കാര്യമായ അസുഖമൊന്നും ഉണ്ടായിട്ടില്ല. ആശുപത്രി അവർക്ക് അവ്യക്തമായ ഒരു സ്ഥലം മാത്രമായിരുന്നു. അവർ ഒരു കാൻസർ വിദഗ്ധനെ പോയിട്ട്, ഒരു മെഡിക്കൽ സ്പെഷലിസ്റ്റിനെപ്പോലും ഒരിക്കലും കണ്ടിട്ടില്ല.

അവർ അവരുടെ രോഗലക്ഷണങ്ങൾ വിശദീകരിക്കാൻ വിവിധ കാരണങ്ങൾ സങ്കല്പിച്ചു നോക്കി. അമിത ജോലി, ഡിപ്രഷൻ, ദഹനക്കുറവ്, നാഡീസംബന്ധമായ തളർച്ച, ഉറക്കക്കുറവ് അങ്ങനെ പലതും. ഒടുവിൽ, ഉള്ളിൽ കഠിനമായ ഒരു മഹാവിപത്ത് വളരുന്നുണ്ട് എന്ന് ഒരു ആന്തരിക ബോധം ഒരു ഏഴാം ഇന്ദ്രിയം അവർക്കു തോന്നിപ്പിച്ചു. മെയ് പത്തൊൻപതാം തീയതി ഉച്ച തിരിഞ്ഞ് കാർല അവരുടെ മൂന്നു കുട്ടികളെയും ഒരു അയൽവാസിയുടെ സംരക്ഷണയിലാക്കി ഒറ്റയ്ക്ക് ക്ലിനിക്കിലേക്കു തിരിച്ചുപോയി, രക്തപരിശോധനകൾക്ക് ആവശ്യപ്പെട്ടു. അവരുടെ ഡോക്ടർ രക്തത്തിന്റെ ഒരു പ്രാഥമിക പരിശോധനയ്ക്ക് എഴുതി നൽകി. ടെക്നീഷ്യൻ അവരുടെ സിരകളിൽനിന്ന് രക്തം എടുക്കുമ്പോൾ അതിന്റെ വിളറിയ നിറത്തിൽ ജിജ്ഞാസാപൂർവ്വം സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു. കാർലയുടെ സിരകളിൽനിന്ന് ഒഴുകിയ വിളറിയ നിറമുള്ള കട്ടി കുറഞ്ഞു നേർത്ത ആ ദ്രാവകത്തിന് രക്തത്തിന്റെ ഒരു സ്വഭാവവുമുണ്ടായിരുന്നില്ല. കാർല അന്നു മുഴുവൻ എന്തെങ്കിലും വിവരം ലഭിക്കാനായി കാത്തിരുന്നു. അടുത്ത ദിവസം രാവിലെ ഒരു മത്സ്യച്ചന്തയിൽ വച്ച് അവർക്കൊരു ഫോൺ വന്നു. ‘നമുക്കു വീണ്ടും കുറച്ചുകൂടി രക്തം എടുക്കേണ്ടിവരും,’ ക്ലിനിക്കിലെ നേഴ്സ് പറഞ്ഞു.

‘ഞാൻ എപ്പോൾ വരണം?’ തന്റെ തിരക്കുപിടിച്ച ദിവസം ക്രമീകരിക്കാൻ ആലോചിച്ചുകൊണ്ട് കാർല ചോദിച്ചു. ചുവരിലെ ക്ലോക്കിലേക്കു നോക്കിയത് അവർ ഓർമ്മിക്കുന്നുണ്ട്. അര റാത്തൽ സാൽമൺ മത്സ്യം അവരുടെ ഷോപ്പിങ് കുട്ടയിൽ കിടക്കുന്നു. അധികനേരം പുറത്തു വച്ചാൽ അതു കേടായിപ്പോകാൻ സാധ്യതയുണ്ട്. എങ്കിലും ഒടുവിൽ സർവ്വസാധാരണമായ വിവരങ്ങളാണു രോഗത്തെക്കുറിച്ചുള്ള കാർലയുടെ ഓർമ്മകളിലുള്ളത്. ■

# ‘കായേനെ’ കടൽ കടത്തിയതെങ്ങനെ?

**അയ്മനം ജോൺ**



‘വളരെ രസകരം, ആസ്വാദ്യകരം’ എന്ന ഫൈനാൻഷ്യൽ ടൈംസിന്റെ വിലയിരുത്തൽ പുറംകവറിൽ എടുത്തുചേർത്തുകൊണ്ടാണ് ഷുസെ സരമാഗുവിന്റെ ‘കായേൻ’ എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ ലണ്ടനിലെ വിന്റേജ് ബുക്സ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. വാസ്തവമാണത്. ലോകമെങ്ങും പരിചിതമായ ബൈബിൾ പഴയനിയമകഥകളിൽ ചിലത് തികഞ്ഞ ആക്ഷേപഹാസ്യ ധ്വനികളോടെ പുനരവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ അവസാനത്തെ സരമാഗു നോവൽ അതിന്റെ ഉപരിതലവായനയിൽ അങ്ങനെതന്നെയാണ് അനുഭവപ്പെടുക. എന്നാൽ ആ പുറംവായനയ്ക്ക് പുറമേ ഒരകം വായനയ്ക്കുകൂടി ഉതകുന്നതാണ് ‘കായേൻ’ എന്നുള്ളത് വിന്റേജ് ബുക്സ് ‘പുറത്ത്’ പറയാതിരുന്ന വസ്തുതയുമാണ്. ദൈവം നീതിമാനാണെന്നത് ബൈബിളിൽ പലയിടങ്ങളിലും ആവർത്തിക്കപ്പെടുന്ന ഒരു പ്രസ്താവമാണല്ലോ. അപ്പറയുന്ന ‘ദൈവനീതി’കൊണ്ട് വിവക്ഷിക്കുന്നതൊക്കെ മനുഷ്യാർജിതമായ നീതിബോധത്തോട് എത്രമാത്രം പൊരുത്തപ്പെടുന്നുണ്ട് എന്ന അന്വേഷണമാണ് കായേൻ എന്ന ലഘു നോവലിന് ആത്മഗൗരവം നൽകുന്നതെന്ന് ആ ‘അകം വായന’യിലൂടെ നമുക്ക് കണ്ടെത്താൻ കഴിയുന്നു. ബൈബിൾ പറയുന്ന ലോകചരിത്രപ്രകാരം ഭൂലോകം കണ്ട ആദ്യകൊലപാതകിയായ കായേൻ കേവലമനുഷ്യന്റെ നീതി ബോധം ഉപയോഗിച്ച് ദൈവനീതിയിൽ കണ്ടെത്തുന്ന പൊരുത്തക്കേടുകളെ സംബന്ധിച്ച് ദൈവവുമായി നടത്തുന്ന സംവാദങ്ങളിലൂടെ യാണ് സരമാഗു തന്റെ അന്വേഷണത്തെ സർഗാത്മകമാക്കുന്നത്. അതിനുമുൻപുതന്നെ ആദംഹവ്വമാർ തുടങ്ങിവച്ചിരുന്ന സംവാദങ്ങളുടെ തുടർച്ചയുമാണത് എന്നുള്ളതുകൊണ്ട് അത് തലമുറ തലമുറയായി ദൈവസങ്കല്പം നേരിടുന്ന വിശ്വാസ ത്രിസന്ധികളെക്കൂടി അഭിസംബോധന ചെയ്യുന്നുമുണ്ട്. കായേനെ പഴയനിയമത്തിൽനിന്ന് മോചിതനാക്കി പുറത്തേക്കുകടത്തി അവന് കാലസങ്കല്പത്തെ മറികടന്നതും സംഭവബഹുലവുമായ ഒരു ജീവിതം കൊടുത്തുകൊണ്ടാണ് സരമാഗു ഈ നോവലിനു വേണ്ടിയുള്ള ഭാവനാസഞ്ചാരം നടത്തിയിട്ടുള്ളത്. അങ്ങനെ ചാർളി ചാപ്ലിൻ സിനിമകളെന്ന പോലെ ദ്വിമാനസ്വഭാവമുള്ള ഒരാസ്വാദനമാണ് കായേൻ എന്ന കൃതി നമ്മൾ വായനക്കാരിൽ നിന്ന് ആവശ്യ പ്പെടുന്നത്. അതിലെ നർമ്മ മാധുര്യത്തിൽ മാത്രം ആമഗ്നരാകാതെ ചിരികളാൽ ഒളിപ്പിച്ച്




₹175

## പുതിയ പതിപ്പുകൾ




പ്രവാചകന്റെ വഴി
ഒ.വി. വിജയൻ
₹ 290




പ്രകൃതിനിയമം
സി.ആർ. പരമേശ്വരൻ
₹ 110




പ്രതി പൂവൻകോഴി
ഉണ്ണി ആർ.
₹ 99




ആളകമ്പടി
ബി. മുരളി
₹ 110

പിടിച്ചിട്ടുള്ള കരച്ചിലുകൾക്കുകൂടി കാതോർത്തുകൊണ്ടായിരിക്കണം ആ രചന വായിച്ചുപോകേണ്ടത്. ബൈബിൾ പുതിയനിയമത്തെ ആധാരമാക്കി എഴുതപ്പെട്ട 'ഗോസ്പൽ അക്കോർഡിങ് റ്റു ജീസസ് ക്രൈസ്റ്റ്' എന്ന മുൻ കൃതിയിൽ സ്വീകരിച്ച അതേ ആശയസമീപനവും പ്രമേയ പരിചരണവും ഭാഷാ വിന്യാസവുമാണ് സരമാഗു ഈപഴയനിയമ വിമർശനത്തിലും സ്വീകരിച്ചിട്ടുള്ളത് അങ്ങനെയൊരു പാരസ്പര്യം കൊണ്ട് പ്രസ്തുതനോവലിന്റെ ഒരു വിപുലീകരണ മെന്നും കായേനെ വിശേഷിപ്പിക്കാൻ കഴിയും.

കായേന്റെ മലയാളപരിഭാഷയുടെ അനുഭവമെന്തായിരുന്നു എന്നാരെങ്കിലും ചോദിച്ചാൽ 'പഴയനിയമ' കാലദേശങ്ങളിലൂടെ സരമാഗുവെന്ന പെരുന്തച്ചനൊപ്പം മനസ്സുകൊണ്ട് ഒരു അനുയാത്ര നടത്തിയ പ്രതീതി' എന്നൊരു മറുപടിയായിരിക്കും ഞാൻ ആദ്യം നല്കുക. കായേനി ലെ ദേശങ്ങൾ, ദേശവാസികൾ, സംഭവ പരമ്പരകൾ അതൊക്കെയും ബൈബിൾ വായനകളിലൂടെ പണ്ടേ പരിചിതമായിരുന്നതുതന്നെയാണ് ആ അനുഭവസാത്മ്യത്തിനു കാരണമായതെന്നും പറയാനാകും. തന്റെ പ്രയാണവഴികളിൽ കായേൻ കണ്ടുമുട്ടിയ പലകാല മനുഷ്യകുലങ്ങൾ മാത്രമല്ല അതേ വഴികളിൽവച്ച് അവൻ പരിചയപ്പെട്ട ദൈവദൂതന്മാരും മാലാഖമാരുമൊക്കെപ്പോലും അവനുമായി പങ്കിടുന്ന മനുഷ്യാവസ്ഥയുടെ സാർവ്വലൗകികമായ അന്തർസംഘർഷങ്ങളാണ് ആ സർഗ്ഗയാത്രാനുഭവത്തിന് അതിന്റെ സാഹിത്യപരതയ്ക്കപ്പുറത്തേക്കുപോയ ഒരു വൈകാരികഭാവംകൂടിനല്കിയതെന്നും തിരിച്ചറിയാൻ സാധിക്കുന്നു.

താളാത്മകമായി ഒഴുകുന്ന ഒരു പുഴയിലൂടെ നടത്തിയ ഒരു തോണിയാത്രയോടാണ് കായേന്റെ ആദ്യ വായനയുടെ അനുഭവത്തെ ഞാൻ ഉപമിക്കുന്നതെങ്കിൽ പരിഭാഷയ്ക്കായി ഏർപ്പെട്ട രണ്ടാം വായനയെ അതേ പുഴയൊഴുക്കിലൂടെ നീന്തിത്തുടിച്ചും ആഴങ്ങളിലേക്ക് നീർക്കാംകുഴിയിട്ടുമൊക്കെ നടത്തിയ മുങ്ങിക്കുളിയുടെ അനുഭവത്തോടാണ് ഉപമിക്കേണ്ടത്. ആദ്യത്തെ വെറും വായനയുടെ അനുഭവത്തേക്കാൾ ഒത്തിരിയേറെ കുളിർമ്മയും ഉന്മേഷവും മനസ്സിന് നല്കിയത് പരിഭാഷയുടെ അനു ഭവംതന്നെയാണ് എന്നർഥം. എഴുത്തിലെ ആ പെരുന്തച്ചന്റെ കൈ വേലകൾ അങ്ങനെ അടുത്തിരുന്ന് കണ്ടുകൊണ്ട് ഭാഷയിൽ നടത്തിയ പരകായ പ്രവേശം ആ സാഹസത്തിന് മുതിരുമ്പോൾ എനിക്കുണ്ടായിരുന്ന ആശങ്കകളെയത്രയും ആസ്ഥാനത്താക്കുകയുണ്ടായി. ഒറ്റയ്ക്കിരുന്ന് നടത്തിയ ആ ഭാഷായജ്ഞത്തെ മറ്റൊരു ഭാഷയുമായി ഒരുമിച്ചിരുന്ന് നടത്തിയ നർമ്മസല്ലാപത്തിന്റെ രസനീയതയോടെയാണ് ഞാനിന്ന് ഓർത്തിരിക്കുന്നത്. നോവലിലെ വാക്കുകൾക്കും വാങ്മയങ്ങൾക്കും ചേരുന്ന മലയാള മറുവാക്കുകളും വാങ്മയങ്ങളും കണ്ടെത്തിക്കൊണ്ടിരുന്നപ്പോൾ സരമാഗുവിന്റെ മനോഹരഗദ്യത്തിൽ തുളുമ്പിക്കിടക്കുന്ന കവിതയെ ഒട്ടും തൂവിപ്പോവാതെ ഇക്കരെയെത്തിക്കാനാണ് ഞാൻ കൂടുതൽ ശ്രദ്ധിച്ചിരുന്നത്. കേവല മായ അർത്ഥകല്പനകൾ കൊണ്ട ല്ലാതെ മൊഴിവഴക്കങ്ങൾകൊണ്ട് മാത്രം ആശയം വ്യഞ്ജിപ്പിക്കേണ്ട പല സന്ദർഭങ്ങളും കായേനിലുണ്ട്. അപ്പോഴൊക്കെയും ആ മറുഭാഷാ മൊഴിവഴക്കങ്ങൾക്ക് ഒപ്പംനിൽക്കു ന്നവയോ ചിലപ്പോഴൊക്കെ അതിലും മികച്ചവയോ ആയ മൊഴിഭേദങ്ങൾ നമ്മുടെ ഭാഷയിൽ ലഭ്യമായിക്കൊണ്ടി രുന്നതാണ് ഈ പരിശ്രമത്തെ ആനന്ദ കരമാക്കിയ മറ്റൊരനുഭവവിശേഷം. ഏതാണ്ടൊരു ചതുരംഗക്കളിയുടെ രസനീയതയോടെ നടത്തിയ ഈ ഭാഷാന്തരം മലയാളഭാഷയിൽ എനിക്കുള്ള ആത്മവിശ്വാസത്തെ വർധിപ്പിച്ച അനുഭവംകൂടിയായിരുന്നു. ■

ആമുഖം

# ലാവാപ്രവാഹമാകുന്ന പ്രയാണം

**ജോൺ ബാൻവില്ലെ**




₹575

**വിവർത്തനം:**
**കെ.വി. തെൽഹത്ത്**



1932-ൽ ആദ്യമായി പ്രസിദ്ധീകരിച്ച Voyage au bout de la nuit അല്ലെങ്കിൽ ‘നിശാന്തയാത്ര’ ഇരുപതാം നൂറ്റാണ്ടിലെ ഒരു മഹത്തായ കൃതിയായാണ് ഗണിക്കപ്പെടുന്നത്. വലതുപക്ഷ സഹയാത്രികനെന്ന് യുദ്ധാനന്തരം വിമർശകരാൽ നിരന്തരം വിശേഷിപ്പിക്കപ്പെട്ട ഒരു എഴുത്തുകാരനിൽനിന്നും ഇതുവരെ ഉണ്ടായിട്ടുള്ളതിൽവച്ച് ഏറ്റവും ഉത്കൃഷ്ടമായ ഒരു ഗ്രന്ഥംകൂടിയാണിത്. ഏണസ്റ്റ് ജങ്കറിന്റെ ഓൺ ദ മാർബിൾ ക്ലിഫും കുർസിയൊ മലാപർട്ടെയുടെ കാപുട്ടും വലതുപക്ഷ രാഷ്ട്രീയ പുരോഗമനവാദികളിൽനിന്നുമുണ്ടായിട്ടുള്ള ഗ്രന്ഥങ്ങൾക്ക് മറ്റുദാഹരണങ്ങളാണെങ്കിലും ലോകവിദ്വേഷത്തിന്റെ ബാഹുല്യത്താൽ ഭാസുരമാക്കപ്പെട്ട സെലിന്റെ അമൂല്യ കലാസൃഷ്ടി—അത് ഏതെങ്കിലും വിധത്തിലുള്ള രാഷ്ട്രീയ പക്ഷപാതമോ മതവിരുദ്ധതയോ ഉദ്ഘോഷിക്കുന്നില്ലെങ്കിലും—വിപ്ലവാത്മകമായ ഒരു കലാസൃഷ്ടിപോലെ അതിവിശിഷ്ടവും സാമുവൽ ബെക്കറ്റിനെയും വില്യം എസ്. ബുറൊഗിനെയും ഴാൻ ജെനെറ്റിനെയും ഗുന്തർ ഗ്രാസ്സിനെയുംപോലെയുള്ള എഴുത്തുകാരിൽ ഗാഢമായി സ്വാധീനം ചെലുത്തിയിട്ടുള്ളതുമാണ്. സെലിൻ ഇല്ലായിരുന്നെങ്കിൽ ബീറ്റ് കവികളോ ഹെൻറി മില്ലറോ ചാൾസ് ബുക്കൊവ്സ്കിയോ ജാക് കിറുവാക്കോ ഉണ്ടാവുമായിരുന്നില്ലെന്നും വേണമെങ്കിൽ പറയാം.

ലൂയിസ് ഫെർഡിനാന്റ് ഒഗസ്റ്റെ ഡെസ്റ്റൂഷ് (Louis Ferdinand Auguste Destouches) —മുത്തശ്ശിയുടെ ആദ്യനാമമായിരുന്ന സെലിൻ ആണ് തൂലികാ നാമം—1894-ൽ പാരീസിന്റെ പ്രാന്തപ്രദേശമായ കൂർബിവായിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഒരു ഇൻഷുറൻസ് ഗുമസ്തനും മാതാവ് തയ്യൽക്കാരിയുമായിരുന്നു. നിരന്തരം കലഹിച്ചിരുന്ന മാതാപിതാക്കളുടെകൂടെ ദുരിത

## പുതിയ പതിപ്പുകൾ




**ദയ എന്ന പെൺകുട്ടി**
എം.ടി
**₹ 110**




**മാലി ഭാഗവതം**
മാലി
**₹ 140**




**സീത**
പുനരാഖ്യാനം:
ഡോ. പി.കെ. ചന്ദ്രൻ
**₹ 85**




**തന്ത്രക്കാരി**
എം.ടി
**₹ 90**

പൂർണ്ണമായൊരു ബാല്യകാലമാണ് താൻ അനുഭവിച്ചിരുന്നതെന്ന് പിന്നീടദ്ദേഹം അവകാശപ്പെടുന്നുണ്ടെങ്കിലും, ഏറക്കുറെ സമാധാനപരമായൊരു ദാമ്പത്യമായിരുന്നു അവർ നയിച്ചിരുന്നതെന്ന് മറ്റൊരു സുഹൃത്ത് പറഞ്ഞിരുന്നതിനാൽ അദ്ദേഹത്തിന്റെ മറ്റുപല അതിശയോക്തികളെയും ആലങ്കാരികതകളെയും പോലെ ഒന്നായിരുന്നു ഇതും എന്നു വേണം കരുതാൻ. കൗമാരാരംഭത്തിൽതന്നെ ഒരു തപാൽ ശിപായിയായി ജോലിയിൽ പ്രവേശിച്ചുവെങ്കിലും, ഏറെ നിന്ദിക്കപ്പെട്ട രക്ഷിതാക്കൾക്ക് അദ്ദേഹത്തെക്കുറിച്ച് നല്ല പ്രതീക്ഷകളുണ്ടായിരുന്നതിനാൽ ഉപകാരപ്രദമായ രണ്ടു ഭാഷകളെങ്കിലും പഠിക്കുന്നതിനായി അവരദ്ദേഹത്തെ ഒരു വർഷക്കാലം ജർമ്മനിയിലും പിന്നീടൊരു വർഷം ഇംഗ്ലണ്ടിലും ജീവിക്കുന്നതിനായി അയയ്ക്കുകയുണ്ടായി. പ്രാഥമിക വിദ്യാഭ്യാസം മിക്കവാറും സ്വയം നേടിയതായിരുന്നെങ്കിലും തുടക്കം മുതലേ ഒരു ഡോക്ടറാവണമെന്നതായിരുന്നു സെലിന്റെ ആഗ്രഹം.

എങ്കിലും പതിനെട്ടാം വയസ്സിൽ അദ്ദേഹം ഫ്രഞ്ച് സൈന്യത്തിന്റെ ഭാഗമാവുകയും രണ്ടു വർഷത്തിനുശേഷം ലോകമഹായുദ്ധത്തിലെ ഒരു പോരാളിയായി മാറുകയും ചെയ്തു. യുദ്ധം തുടങ്ങി ആഴ്ചകൾക്കുള്ളിൽതന്നെ ഭീകരമായ ജർമ്മൻ വെടിവെപ്പു നടക്കുമ്പോൾ ഒരു സന്ദേശം കൈമാറാനുള്ള ശ്രമത്തിനിടയിൽ അദ്ദേഹത്തിന്റെ കൈകൾക്ക് മാരകമായി പരിക്കേൽക്കുകയും, ധീരതയ്ക്കുള്ള പാരിതോഷികമായി—ബുദ്ധിമാനായ മുതിർന്ന ഡെസ്റ്റൂഷ് പറയാറുള്ളതുപോലെ 'അതോ വിഡ്ഢിത്തത്തിനുള്ളതോ'—ഒരു സൈനിക പുരസ്കാരം നല്കി ആദരിക്കുകയും അത് അദ്ദേഹത്തിന് അല്പം ഖ്യാതി നേടിക്കൊടുക്കുകയും ചെയ്തു. പരിക്ക് പിന്നീടദ്ദേഹത്തെ സൈന്യത്തിൽനിന്നും പിരിച്ചുവിടുന്നതിലേക്കു നയിക്കുകയുണ്ടായി.പിന്നീട് ലണ്ടനിൽ ഒരു ജോലി ലഭിക്കുകയും അവിടെവെച്ച് വിവാഹം കഴിക്കുകയും—ഫ്രഞ്ച് അധികൃതരുടെ അടുത്ത് ഒരിക്കലും രേഖപ്പെടുത്തപ്പെടാത്ത ഒരു കൂടിച്ചേരൽ—പിന്നീടദ്ദേഹം കാമറൂണിലുള്ള ഒരു ഫ്രഞ്ച് വാണിജ്യകമ്പനിയിൽ ജോലി നോക്കുന്നതിനായി ആഫ്രിക്കയിലേക്കു പോവുകയും ചെയ്തു. തിരിച്ച് ഫ്രാൻസിലെത്തിയ അദ്ദേഹത്തെ പ്രദേശത്തെ ക്ഷയരോഗത്തിനെതിരെയുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുന്നതിനായി റോക്ക്ഫെല്ലർ ഫൗണ്ടേഷൻ നിയോഗിച്ചയയ്ക്കുകയുമുണ്ടായി. 1920-ന്റെ ആരംഭത്തിൽ റെന്നിൽ അദ്ദേഹം മെഡിസിൻ പഠനമാരംഭിക്കുകയും അവിടത്തെ മെഡിക്കൽ വിദ്യാലയ ഡയറക്ടറുടെ മകളെ ഔദ്യോഗികമായി വിവാഹം കഴിക്കുകയും അവർക്ക് കൊളെറ്റെ എന്ന ഒരു മകൾ ജനിക്കുകയുമുണ്ടായി. 1925-ൽ സെലിന് ലീഗ് ഓഫ് നേഷൻസിൽ ജോലി ലഭിക്കുകയും ഭാര്യയെയും കുഞ്ഞിനെയും ഉപേക്ഷിച്ച് യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും അദ്ദേഹം വിപുലമായി യാത്ര നടത്തുകയും ചെയ്തു. ഡെട്രോയിറ്റിലുള്ള ഫോർഡ് ഫാക്ടറിയിലെ തൊഴിലാളികളുടെ അവസ്ഥയെക്കുറിച്ചുള്ള പഠനാനുഭവങ്ങൾ അദ്ദേഹത്തിൽ ശാശ്വതമായൊരു മതിപ്പുണ്ടാക്കുകയും അത് പിന്നീട് നിശാന്തയാത്രയിലെ ശക്തമായൊരു ആഖ്യാനത്തിനുള്ള പശ്ചാത്തലമൊരുക്കുകയും ചെയ്തു. ഫ്രാൻസിലേക്ക് തിരിച്ചുവന്ന അദ്ദേഹം പാരീസിന്റെ പ്രാന്തപ്രദേശത്ത് പ്രസവചികിത്സയ്ക്ക് പ്രാമുഖ്യം നല്കിക്കൊണ്ടുള്ള മെഡിക്കൽ പരിശീലനം ആരംഭിച്ചു. പിന്നീട് പാവങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി പബ്ലിക് ഡിസ്പെൻസറിയിൽ ജോലി സ്വീകരിക്കാനായി സ്വകാര്യ പരിശീലനം അദ്ദേഹം ഒഴിവാക്കുകയും ചെയ്തു. ■

# വരുംകാല ദുരന്തങ്ങൾ തടയാൻ ഒരു മാർഗരേഖ

**മാധവ് ഗാഡ്ഗിൽ**






സുസ്ഥിര കേരളത്തിന് ഒരു ഹരിതരേഖ എന്ന പുസ്തകത്തിന് ആമുഖമെഴുതുകയെന്നത് എന്റെ വിശേഷ അവകാശമാണ്. 2018-ൽ ഉണ്ടായ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ രേഖയ്ക്ക് പ്രത്യേക സാംഗത്യമുണ്ടെന്ന് കൂടുതൽ തിരിച്ചറിയുകയാണ്. 31,000 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. ഇതിനു പുറമേയുള്ള പ്രകൃതി-മനുഷ്യ-സാമൂഹിക മൂലധനനഷ്ടത്തിന് കണക്കെടുത്തിട്ടുമില്ല. കാടുകളിലും മലകളിലും പണിതകെട്ടിടങ്ങൾ, പുഴകളും തണ്ണീർത്തടങ്ങളും കൈയേറി പണിത കെട്ടിടങ്ങൾ, ക്വാറികൾ, കരിങ്കല്ലുടയ്ക്കുമ്പോഴുണ്ടാകുന്ന പൊടി കാരണം ഉണ്ടാകുന്ന രോഗംവന്നവരെ ശുശ്രൂക്ഷിക്കുന്ന ആശുപത്രികൾ എന്നിങ്ങനെ ഹ്രസ്വദൃഷ്ടിയോടെയുള്ള മനുഷ്യനിർമ്മിത മൂലധനത്തിൽ ശ്രദ്ധയൂന്നുകയാണ്. പക്ഷേ, ഈ നഷ്ടങ്ങളെ ഗുരുതരമാക്കാൻ കാരണമായ വിധത്തിൽ പ്രകൃതി, മനുഷ്യ, സാമൂഹികമൂലധനത്തിന്റെ പൊതുവായ ശോഷണം അവഗണിക്കപ്പെടുകയുമാണ്. ദുരിതാശ്വാസവും പുനരധിവാസവുമാണ്, ഉടനടി നേരിടേണ്ട വെല്ലുവിളികൾ എങ്കിലും, അതോടൊപ്പം ഈ ദുരന്തത്തിന് കാരണമായ മൂലകാരണങ്ങളെ തിരിച്ചറിയാനും തുടങ്ങണം.

ഈ മൂലകാരണങ്ങൾ പശ്ചിമഘട്ടത്തിലായാലും രാജ്യത്തിന്റെ മറ്റു ഭാഗത്തായാലും ഒന്നുതന്നെയാണ്. ഒന്നാമത്തെ കാരണം, അനധികൃത ഖനനത്തിനെതിരേ ഗോവയിൽ ഷാ കമ്മീഷൻ നിരീക്ഷിക്കുന്നതുപോലെ, ജലസ്രോതസ്സുകൾക്കും, കൃഷിക്കും ജൈവവൈവിധ്യത്തിനും കനത്ത ആഘാതം സൃഷ്ടിച്ച ഖനികൾ ഒരിക്കലും പരിശോധിച്ചിട്ടില്ല. രണ്ടാമതായി, ആരോഗ്യവും തൊഴിലും




# പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ

₹399

**പരിഷ്കരിച്ച പതിപ്പ്**

മുഷിയാതുള്ള വായനയ്ക്കുമാത്രമല്ല, ചില കാര്യങ്ങളെപ്പറ്റി ചിലതൊക്കെ ധരിക്കാനും പ്രയോജനപ്പെടുമെന്ന് ബാലകൃഷ്ണൻതന്നെ വിലയിരുത്തിയ ലേഖനങ്ങളുടെ സമാഹാരം. പി.കെ. ബാലകൃഷ്ണന്റെ രചനാലോകത്ത് വേറിട്ടുനിൽക്കുന്ന മായാത്ത സന്ധ്യകൾ, നിദ്രാസഞ്ചാരങ്ങൾ, വേറിട്ട ചിന്തകൾ എന്നീ പുസ്തകങ്ങളിലെ ലേഖനങ്ങൾ ഒരുമിച്ചു സമാഹരിച്ചിരിക്കുകയാണിവിടെ.

ഉൾപ്പെടെ മനുഷ്യമൂലധനത്തിന്റെ ഗുരുതരശോഷണം അവഗണിക്കുകയായിരുന്നു. പാലക്കാട് ജില്ലയിൽ പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമടയിലുള്ള കൊക്കക്കോള കമ്പനി നടത്തിയ അമിത ജലചൂഷണവും തുടർന്നുണ്ടായ അമിതമലിനീകരണവും കാരണമായുണ്ടായത് 160 കോടി രൂപയുടെ നഷ്ടമാണ്. ശാസ്ത്രീയ അറിവുകളും ഉപദേശങ്ങളും തുടർച്ചയായി തഴയപ്പെട്ടതാണ്, മൂന്നാമത്തെ കാരണം. അതിരപ്പിള്ളി ജലവൈദ്യു തപദ്ധതിയുടെ കാര്യത്തിൽ, റിവർ റിസർച്ച് സെന്റർ നടത്തിയ വിശകലനം കാണിക്കുന്നത് ജലത്തിന്റെ കണക്ക് അധികമായി കാണിച്ചാണ് പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയതെന്നാണ്. യഥാർത്ഥ വസ്തുത കണക്കുവെച്ച്പരിശോധിക്കുമ്പോൾ ഉത്പാദിപ്പിക്കാവുന്ന വൈദ്യുതി, നിർമ്മാണത്തിനും പ്രവർത്തനത്തിനും ആവശ്യമായ ചെലവിനെ ന്യായീ കരിക്കുന്നില്ല. നാലാമതായി, സാമൂഹിക മൂലധനത്തിന്റെഗുരുതരമായ ശോഷണം. 16.12.2014-ൽ കോഴിക്കോ ട് ജില്ലയിലെ വടകര താലൂക്കിലെ കൈവേലിൽ, ക്വാറിമുതലാളി മാരുടെ ഗുണ്ടകൾ നടത്തിയ കല്ലേറിൽ സമാധാനപരമായിപ്രകടനം നടത്തിയ ക്വാറിവിരുദ്ധ പ്രവർത്തകൻ അനൂപ്കൊല്ലപ്പെട്ടു.

എല്ലാം പതിവുപോലെ എന്ന സമ്പ്രദായം അടിയന്തിരമായി നാം ഉപേക്ഷിക്കണം. മനുഷ്യനിർമ്മിത മൂലധനത്തിൽ മാത്രം നാം ശ്രദ്ധിച്ചാൽ പോരാ. മനുഷ്യനിർമ്മിത, പ്രകൃതി, മനുഷ്യ, സമൂഹമൂലധനമാകെക്കൂടി കണക്കാക്കണം. പ്രാദേശിക ജനസമൂഹങ്ങളാണ് അവർ ജീവിക്കുന്ന ആവാസവ്യവസ്ഥയുടെ പ്രവർത്തനം നന്നായി മനസ്സിലാക്കിയിരിക്കുന്നതും, അതിന്റെ ആരോഗ്യമാണ് അവരുടെ താങ്ങും എന്ന് പുതിയ ഭരണക്രമം കൃതജ്ഞതയോടെ ഓർക്കണം. ഭീഷണിയും അഴിമതിയും നിറഞ്ഞ ഉദ്യോഗസ്ഥവൃന്ദവ്യവസ്ഥയിൽ നിന്ന്, എല്ലാ ഉത്തരവാദപ്പെട്ട പൗരൻമാർക്കും സുതാര്യമായി വിലയിരുത്താവുന്ന, പ്രോൽസാ ഹിക്കപ്പെടുന്ന, പ്രകൃതിവിഭവസംരക്ഷണ വ്യവസ്ഥയിലേക്ക് വഴിമാറണം. ഇത്തരത്തിലുള്ള പ്രോൽസാഹനങ്ങൾ ആണ്പശ്ചിമഘട്ട പരിസ്ഥിതി പാനൽ നിർദ്ദേശിച്ചിരിക്കുന്നത്. ജൈവവൈവിധ്യം നിറഞ്ഞ സർപ്പക്കാവുകൾ, മണ്ണിനെ കാർബൺ സമ്പുഷ്ടമാക്കുന്ന ജൈവകൃഷി രീതികൾ പോലുള്ളവയ്ക്ക് സംരക്ഷണ സേവനവേതനങ്ങൾ ഇത്തരം നിർദ്ദേശങ്ങളിൽപ്പെടുന്നു.

ഒരു പുതിയ അദ്ധ്യായം ആരംഭിച്ചുകൊണ്ട്, പൊതുജനങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള സംരക്ഷണവികസനനയങ്ങൾ തുടരില്ലെ ന്ന്, കേരളസർക്കാർ ജനങ്ങൾക്ക് ഉറപ്പുനൽകണം. പ്രാദേശിക ജനങ്ങളുടെ അവകാശങ്ങളിൽ പ്പെട്ട,അവർ തീരുമാനിക്കുന്ന സംരക്ഷണ വികസനരീതികളെ ബഹുമാനിക്കുമെന്നും ജനങ്ങൾക്കുറപ്പു നൽകണം. ഇതിനായി സർക്കാർ, ഭരണഘടനയുടെ 73, 74 ഭേദഗതികൾ അതിന്റെ സത്ത ചോർന്നു പോവാതെ നടപ്പിലാക്കണം. വാർഡ്, ഗ്രാമപഞ്ചായത്ത്, ടൗൺ/മുനിസിപ്പാലിറ്റി, നഗര /കോർപ്പറേഷൻ തലങ്ങളെ ശക്തിപ്പെടുത്തണം. അങ്ങനെ പരിസ്ഥിതിയുടെ സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കുന്ന ഈ തദ്ദേശസ്ഥാപനങ്ങൾ, വാർഷിക ബഡ്ജറ്റിന്റെ നല്ലൊരുപങ്ക് ഈ റിപ്പോർട്ടുപ്രകാരം ചെലവഴിക്കാനും തീരുമാനിക്കണം. ■

# കവിതക്കാലം

## കവിതകൊണ്ട് ഭാഷ മെനയുന്ന പുതുമൊഴികൾ

### ഉടനേ പ്രസിദ്ധപ്പെടുത്തുന്ന കാവ്യസമാഹാരങ്ങൾ



**ഒറ്റമുണ്ട്**
നൗഷാദ് പത്തനാപുരം



**ചാള, ബ്രാല്, ചെമ്മീൻ തുടങ്ങിയ ചില മത്സ്യങ്ങളെക്കുറിച്ച്**
ബക്കർ മേത്തല



**നിശബ്ദ താരാവലി**
മഞ്ജുഷ ഹരി



**ഏകം**
ഇന്ദിരാ അശോക്



**അക്ബറോവ്സ്കി**
അക്ബർ



**ഭൂമിയുടെ ഗൃഹപാഠം**
മണമ്പൂർ രാജൻബാബു



**രുദ്രാക്ഷരം**
എൻ.എസ്. സുമേഷ് കൃഷ്ണൻ



**കരിങ്കുട്ടി**
അമ്മു ദീപ



**അരികുകളിലൂടെ കുഞ്ഞുങ്ങൾ നടക്കുമ്പോൾ**
സതീഷ് തപസ്യ



**മാവു പൂക്കാത്ത കാലം**
രാജൻ കൈലാസ്

